**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **07-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സി. എച്ച്. കുഞ്ഞമ്പു</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് എത്ര പേർക്കാണ് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്; അറിയിക്കാമോ;</td><td>(എ)</td><td>2022 ജൂൺ മാസത്തെ കണക്കുകൾ പ്രകാരം 5,013,085 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുള്ളത്. സ്വന്തമായി പെൻഷൻ നൽകാൻ കഴിയാത്ത ക്ഷേമനിധി ബോർഡിലെ 669,936 പേർക്ക് പെൻഷൻ നൽകുന്നതിനായി 105.03 കോടി രൂപയും അനുവദിച്ചിരുന്നു.</td></tr>
<tr><td>(ബി)</td><td>ഇതിനായി ഒരു വർഷം ചെലവാകുന്ന തുക എത്രയാണ്; വ്യക്തമാക്കാമോ;</td><td>(ബി)</td><td>സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2021-22 സാമ്പത്തിക വർഷം 7504.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2022 ജൂൺ മാസത്തെ കണക്കുവച്ചു നോക്കുമ്പോൾ 9185.82 കോടി രൂപ ആവശ്യമാണ്.</td></tr>
<tr><td>(സി)</td><td>2011-16 സർക്കാരിന്റെ കാലത്തേക്കാൾ എത്രപേർ നിലവിൽ അധികമായി പെൻഷൻ വാങ്ങുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;</td><td>(സി)</td><td>2011-16-ലെ സർക്കാർ കാലയളവിൽ 3,443,414 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. നിലവിലുള്ള 5,226,741 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 5,013,085 പേർക്കാണ് 2022 ജൂൺ മാസം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുള്ളത്. അപ്രകാരം 2011-16 സർക്കാരിന്റെ കാലത്തേക്കാൾ അധികമായി 1,569,671 പേരാണ് നിലവിൽ പെൻഷൻ വാങ്ങുന്നത്.</td></tr>
<tr><td>(ഡി)</td><td>2011-16 സർക്കാരിന്റെ കാലത്ത് വ്യക്തിഗത സാമൂഹ്യ സുരക്ഷാ പെൻഷൻ എത്ര രൂപയായിരുന്നു; നിലവിൽ എത്ര രൂപയാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?</td><td>(ഡി)</td><td>2011-16-ലെ സർക്കാർ അധികാരം ഒഴിയുമ്പോൾ നൽകിയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>നം</th><th>പെൻഷൻ ഇനം</th><th>നിരക്ക<br>(രൂപ)</th></tr>
<tr><td>1</td><td>കർഷക തൊഴിലാളി പെൻഷൻ</td><td>600</td></tr>
<tr><td>2</td><td><u>വാർദ്ധക്യകാല പെൻഷൻ</u>:<br>1. 75 വയസ്സ വരെയുള്ളവർക്ക്</td><td>600</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| | | |
| | 2. 75 വയസ്സിനു മുകളിൽ | 1500 |
| 3 | <u>**വികലാംഗ പെൻഷൻ:**</u><br>1. വൈകല്യം<br>40% വും അതിനു മുകളിലും 80% ൽ കുറവ് | 800 |
| | 2. വൈകല്യം 80% വും അതിനു മുകളിലും | 1100 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 800 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 800 |

നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏകീകരിച്ച് 1600/- രൂപ നിരക്കിലാണ് നൽകിവരുന്നത്.

സെക്ഷൻ ഓഫീസർ